# കൈരളീകടാക്ഷം

രണ്ടാം ഭാഗം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കൈരളീകടാക്ഷം

രണ്ടാം ഭാഗം.

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# കൈരളീകടാക്ഷം

രണ്ടാം ഭാഗം.

വള്ളത്തോൾ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# വിഷയാനുക്രമം


| | | |
|---|---|---|
| 1 | സൽപുരുഷൻ | (കേക) |
| 2 | കാക്കയും കുറുക്കനും | (ഓട്ടൻതുള്ളൽ) |
| 3 | കൃഷ്ണലീല | (കാകളി) |
| 4 | ശുചിത്വം | (ശ്ലോകം) |
| 5 | വള്ളംകളി | (കാകളി) |
| 6 | കുററവും, കുറവും | (ഓട്ടൻതുള്ളൽ) |
| 7 | കഴുത | (കേക) |
| 8 | പുത്രവാത്സല്യം | (മഞ്ജരി) |
| 9 | പിശുക്ക് | (ശ്ലോകം) |
| 10 | തൃഷ്ണ | (പാന) |
| 11 | കച്ചവടക്കാർ | (കേക) |
| 12 | ദീനാനുകമ്പ | (ശ്ലോകം) |
| 13 | കാട്ടുതിയ്യ് | (കാകളി) |
| 14 | ഗണപതിപ്രാതൽ | (ഓട്ടൻതുള്ളൽ) |
| 15 | അഹിംസ | (ശ്ലോകം) |
| 16 | കാക്കയും അരയന്നങ്ങളും | (അന്നനട) |
| 17 | നക്ഷത്രങ്ങൾ | (കാകളി) |
| 18 | അത്ര്യാശ്രമത്തിലെ സന്ധ്യ | (ശ്ലോകം) |
| 19 | മയസഭ | (ശീതങ്കൻതുള്ളൽ) |
| 20 | മാതൃഭക്തി | (കേക) |
| 21 | മഞ്ഞുകാലം | (ശ്ലോകം) |


Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# മുഖവുര.

ചെറുകുട്ടികളെ കാവ്യരസം തളിയ്ക്കാത്ത ശുഷ്കപദ്യങ്ങൾ പഠിപ്പിച്ചുപോരുന്നതിന്റെ ഫലം, അവരിൽ ച്ചിലരുടെ ഹൃദയത്തിൽ പ്രകൃതിദേവി പാകിയിട്ടുണ്ടാകാവുന്ന സാഹിത്യബീജത്തെ വരട്ടിക്കളയുകയായിരിയ്ക്കും; സാഹിത്യവാസനയില്ലാത്ത കുട്ടികൾക്കാകട്ടെ, കവിതയുടെ അടുക്കൽ പെരുമാറിയതുകൊണ്ടു് ആപത്തൊന്നും വരാനില്ലതാനും. അതുകൊണ്ടു്—ചിലരെസ്സംബന്ധിച്ചേടത്തോളം ഗുണവും, മററുള്ളവരെസ്സംബന്ധിച്ചേടത്തോളം ദോഷാഭാവവും കാണുന്നതുകൊണ്ടു്—സാഹിത്യഭംഗിയുള്ളവതന്നെയായിരിയ്ക്കണം, താഴ്ന്ന ക്ലാസ്സുകളിലേയ്ക്കുള്ള പദ്യകൃതികൾ എന്നു ഞാൻ വിചാരിയ്ക്കുന്നു.

എന്റെ ഈ എളിയ അഭിപ്രായത്തെ മുൻനിർത്തി തയ്യാറാക്കിയതാകുന്നു ഇപ്പുസ്തകം. പൈതങ്ങൾക്കു സദാചാരബോധത്തിന്നും ലഘുവായ ലോകപരിചയത്തിന്നും ഉതകുന്ന വിഷയങ്ങളെ തിരഞ്ഞെടുക്കുന്നതിലും, ഞാൻ യഥാശക്തി മനസ്സിരുത്തിയിട്ടുണ്ടു്.

ആകപ്പാടെ, ഈ കൊച്ചുപുസ്തകങ്ങളിൽ വ്യാപരിയ്ക്കുന്ന പിഞ്ചുമുഖങ്ങളെ കൈരളി കടാക്ഷിച്ചരുളുമെന്നുതന്നെ ഞാനാശിയ്ക്കുന്നു.

മുളകുന്നത്തു കാവു് }
1104 വൃശ്ചികം 25 }

വള്ളത്തോൾ
(ഒപ്പ്.)

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

## പാഠം ൫

# സൽപുരുഷൻ

(ഋകക)


യാതൊരു പുമാനിഹ ജീവിച്ചുവസിയ്ക്കുമ്പോ-
ളാതുരന്മാരാം ബഹുജന്തുക്കൾ ജീവിയ്ക്കുന്നു,
അപ്പുമാനത്രേ ഭൂമൌ കേവലം ജീവിയ്ക്കുന്നു,
സൽപ്പുമാനവൻതന്നെ, സാധുതാനവൻതന്നെ.
യാതൊരു പുമാൻ മഹാമാനിയായ് ജ്ജീവിയ്ക്കുന്നു,
നീതിമാനവൻ ജീവജ്ജീവനെന്നുരചെയ്യാം;
മററുള്ള മഹാമൂഢർ കൊററിന്നുമാത്രം കൊള്ളാം
മുററുമീഗ്ഗുണമൊന്നും പററാതെ ജീവിയ്ക്കുന്നോൻ
പെററ മാതാവിനുള്ള യൌവനമാകും വൃക്ഷം
പററെഖണ്ഡിപ്പാനൊരു കോടാലിതന്നേ അവൻ
ആരാനും ബലിയിട്ടു കൈകൊട്ടു കേൾക്കുന്നേരം
പാരാതെ പറന്നുടൻ ചെന്നങ്ങു പിണ്ഡം കൊത്തി
തിന്നുകൊണ്ടിരിയ്ക്കുന്ന കാകനും ജീവിയ്ക്കുന്നു;
എന്നതുപോലേ മഹാമന്ദനും ജീവിയ്ക്കുന്നു.

പഞ്ചതന്ത്രം

Digitized By Kerala Sahitya Akademi

പാഠം ൨

## കാക്കയും കുറുക്കനും



പരിചിൽ പാകമായ് നില്ക്കുന്നൊരു നല്ലപഴം കൊത്തി
ഒരു കാകൻ മരക്കൊമ്പിലിരുന്നാൻ തിന്നുവാനായി.
അതുകണ്ടപ്പഴത്തിങ്കൽ കൊതിയത്യന്തമുറ്റംക്കൊമ്പിൽ
കലരുന്ന കുറുക്കൻതാൻ പല സൂത്രങ്ങളുമോർത്തു

Digitized By Kerala Sahitya Akademi

ക്ഷണത്തിലമ്മരക്കീഴിലണഞ്ഞുനിന്നു തന്നിഷ്ടം
വരുത്താൻ സൂത്രമൊന്നുള്ളിൽ കരുതിക്കാക്കയോടോതി.
"അരയന്നത്തിനെക്കാളും വരമാകും വെളുപ്പാന്നു
മരുവീടുന്നൊരെൻ കാക്കപ്പെരുമാളെ! മഹാവീര!
ക്ഷിതിയിൽപ്പാടുവാനങ്ങേക്കെതിരായാരുമില്ലെന്നായ്
പറയും പാട്ടിലത്യന്തമറിവുള്ള ജനമെല്ലാം
അതുകേട്ടങ്ങയെക്കാണ്മാൻ കൊതിപൂണ്ടിദ്ധരണിയിൽ
പലഭാഗത്തിലും ചെന്നിസ്ഥലമാർന്നേനിതുകാലം.
മമ ഭാഗ്യത്തിനാലിപ്പോൾ സുമതേ! സുന്ദരമായ
തവ രൂപം കാണുവാനുമിവിടെസ്സംഗതിവന്നു.
ഇനിനിൻ പാട്ടുമിന്നെന്നെക്കറിവാനൊന്നു കേൾപ്പി [ക്കിൽ
മമജന്മത്തിനുണ്ടാമിസ്സമയം സൽഫലം നൂനം."
കരളിൽ സൂത്രമോർത്തേവമുരചെയ്യും കുറുക്കന്റെ
സ്തുതിവാക്യം കേട്ടു കാകനതിലേറ്റം ഭ്രമം പൂണ്ടു
ഉടനെ തന്നുടെ കൊക്കു വിടർത്തിപ്പാടുവാനായി
തുടങ്ങീ; വീണിതുകൊക്കിൽ കിടക്കുന്ന പഴം ഭുവിൽ
ത്വരിതം കൌശലക്കാരൻ കുറുക്കൻ ഭൂമിയിൽ വീണു-
കിടക്കുന്ന പഴത്തേയും കടിച്ചുതിന്നിതു മോദാൽ.
കളവായ്ത്തന്നടുത്തെത്തിപ്പലതും തൻമുഖം നോക്കി
സ്തുതിവാക്കു കഥിപ്പോരിലതി വിശ്വാസമുൾക്കൊൾ [കിൽ
ഫലമിമ്മട്ടിലെന്നായിട്ടുലകിൽബ്ബോധമുണ്ടാക്കാ-
നധുനാ ചൊല്ലിനേൻ കാക്കക്കഥയെബ്ബാലകന്മാരേ!

---

Digitized By Kerala Sahitya Akademi

പാഠം ൩

# കൃഷ്ണലീല

ഒട്ടു വെളുക്കുമ്പോളമ്മയും ബാലനെ-
ത്തെറ്റെന്നു കാലും മുഖവും കഴുകിച്ചു
ചേലൊന്നു ഭസ്മക്കുറിയുമണിയിച്ചു
കാലിൽച്ചിലമ്പുകൾ ചാലെയുറപ്പിച്ചു
നാലഞ്ചുവട്ടം തഴുകിക്കനിവോടെ
പീലിത്തിരുമുടി തന്നിലും ചുംബിച്ചു
ചാലേ വരുന്നൊരു ചങ്ങാതിമാരോടു
താലോലിച്ചങ്ങു കളിപ്പാനയയ്ക്കയും;
അഞ്ചാറുനാഴിക ചെല്ലുന്നനേരത്തു
പഞ്ചാരക്കുട്ടികളെന്നൊരു ഭാവമായ്
ചഞ്ചലനേത്രനെക്കാണാഞ്ഞു മാതാവു
കൊഞ്ചി വിളിച്ചങ്ങു നീളെ നടക്കയും;
പിന്നെയുമുണ്ണികൾ ചങ്ങാതിമാരോടു-
മൊന്നിച്ചു മുറ്റത്തിരുന്നു കളിക്കയും;
കണ്ണൻ ചിരട്ടയിൽപ്പൂഴി നിറച്ചിട്ടു
കണ്ണും തുളച്ചങ്ങുയർത്തിപ്പിടിക്കയും;
മണ്ണു പൊഴിയുന്ന കണ്ടു രസിക്കയും;
മണ്ണിൽക്കരംകൊണ്ടു നീളെ വരയ്ക്കയും;
കൊച്ചുകരം രണ്ടും കുത്തിപ്പൊടിതന്നിൽ
പൂച്ചക്കരണം മറിഞ്ഞു കളിക്കയും;
മെച്ചത്തിൽ നല്ലൊരു പൂഴിച്ചോറുണ്ടാക്കി
കൊച്ചുകൾക്കെല്ലാം വിളമ്പിക്കൊടുക്കയും,

Digitized By Kerala Sahitya Akademi



അച്ചെളി മേളിച്ചു മേനി വിയൎക്കയും
കച്ചുകൊണ്ടച്ചിമാർ ചെന്നിട്ടു തുക്കയും;
മച്ചിലൊളിച്ചു ചിലരങ്ങു പാൎക്കയും
മെച്ചം തിരഞ്ഞു കണ്ടുച്ചത്തിലാൎക്കയും.

---

Digitized By Kerala Sahitya Akademi

## പാഠം ൪

## ശുചിത്വം

എല്ലാററിലുംവെച്ചു മികച്ച ഭാഗ്യ-
മാരോഗ്യമാകുന്നു നമുക്കു പാരിൽ;
ശുചിത്വമാണായതിനെത്തരുന്ന-
ത്,ർക്കൻ വെളിച്ചത്തിനെയെന്നപോലേ.

നമ്മൾക്കു മന്നിൽപ്പല നന്മനേടാ-
നുണ്ടോ,യതിന്നായ്ദ്ദയ ചെയ്തു ദൈവം
തന്നോരു ദേഹത്തെ വെടുപ്പിലാക്കി
വെയ്ക്കായ്കിൽ നാമെത്ര കൃതഘ്നരാകും!

അഴുക്കു ദേഹത്തിലിരുന്നിടൊല്ലാ,
മുഷിഞ്ഞ വസ്ത്രങ്ങളുടുത്തിടൊല്ലാ;
വപുസ്സിനേററാഭരണം, ശുചിത്വ-
മത്രേ: മനസ്സിന്നറിവെന്നപോലെ.

പ്രാണൻ കണക്കെ പ്രിയമായ വസ്തു
മറെറാന്നു നമ്മൾക്കുലകിങ്കലുണ്ടോ?
അതിൻെറ വീടായ ശരീരമെത്ര
സൂക്ഷിച്ചു നാം വൃത്തിയിൽ വെച്ചിടേണം!

ഹാ! മുല്ലതൻപൂവിതു നോക്കുകെ,ത്ര
തൂവെണ്മയും ഭംഗിയുമാർന്നിരിപ്പൂ;
ഇതേവിധം ശോഭനമാകുമല്ലോ,
ശുചിത്വമൊത്തുള്ളൊരുവൻെറ മെയ്യും.

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

## പാഠം ൭

# വള്ളംകളി

(കാകളി)



കാളിന്ദിയിൽ പള്ളിയോടം കളിക്കണ-
മോളവും കാററും കുറയുമെന്നിങ്ങനെ,
ധീവരന്മാരുടെ വാക്കുകേട്ടഞ്ജസാ
സാവധാനം പുറപ്പെട്ടിതു നൈഷധൻ.
കൂടെപ്പുറപ്പെട്ട പത്തുനൂറാളുകൾ
ഓടം കരേറിക്കുമാരനും കൂട്ടവും;
ഓടിയും തോണിയും വഞ്ചിയും വള്ളവും
കൂടിപ്പലതുമിറക്കിപ്പതുക്കവേ;
തണ്ടായവും നല്ല പാട്ടും കഥകളും
കൊണ്ടാടിയോടിത്തുടങ്ങി മഹാജലേ.

---

ശിവപുരാണം

Digitized By Kerala Sahitya Akademi

## പാഠം ൩

# കുററവും കുറവും

(ഓട്ടൻതുള്ളൽ)

ലക്ഷം മാനുഷർ കൂട്ടം സഭയിൽ
ലക്ഷണമൊത്തവരൊന്നോ രണ്ടോ
ഉടലതിരമ്യമൊരുത്തനു, കാല്ക്കൊരു
മുടവുണ്ടവനു നടക്കുന്നേരം.
മററൊരു പുരുഷൻ സുന്ദരനെങ്കിലു-,
മൊററക്കണ്ണനതായതു ദോഷം.
ചേലുകൾ പലതുണ്ടൊരുവനു, കിഞ്ചിൽ-
പ്പൂച്ചക്കണ്ണുണ്ടെന്നൊരുദോഷം.
നല്ലൊരു വിദ്വാനവനുടെ വായിൽ-
പ്പല്ലുകളൊന്നും കാണ്മാനില്ല.
പലഗുണമുള്ളൊരു പുരുഷനു,വന്റെ
തലമുടിയൊക്കെ നരച്ചുവെളുത്തു.
തിലകക്കുറിയും ചൊടിയും കൊള്ളാം,
തലയിലവന്നൊരു രോമവുമില്ല.
ശാസ്ത്രമശേഷം വശമൊരു പുരുഷനു,
ഗാത്രം കണ്ടാലയ്യോ, വികൃതം.
ശ്രോത്രം രണ്ടും വെടിവെച്ചാലൊരു
മാത്രംപോലും കേൾക്കാൻ വഹിയാ.
വ്യാകരണങ്ങടെ വ്യാഖ്യാനങ്ങളു-
മാകെത്തന്നെ മുഖസ്ഥമൊരുത്തനു,
വാക്കിനു ഫലിതവുമുണ്ടവനല്പം
കാക്കക്കണ്ണുണ്ടെന്നൊരു ദോഷം.

Digitized By Kerala Sahitya Akademi

തക്കം പലതും കണ്ടവനൊരുവൻ
വക്കത്തില്ല ശരീരം കണ്ടാൽ.
മിക്കതുമൊരുവന ലക്ഷം ശ്ലോകമൊ-
രിയ്ക്കൽക്കേട്ടാലങ്ങു ഗ്രഹിക്കാം,
വിക്കുകൾ കൊണ്ടതു പറയാൻ വഹിയാ
സൽക്കഥ വളരെയറിഞ്ഞൊരു ദേഹം;
കകകകകംസൻ കികികികൃഷ്ണൻ
പുപുപുപു പൂതനയെന്നാം കഥയിൽ.

രുക്മിണീസ്വയംവരം

---


പാഠം 6)

## കഴുത

(ശ്ലോക)

പണ്ടൊരു രജകന്റെ വസ്ത്രഭാണ്ഡവും പേറി-
ക്കൊണ്ടൊരു കഴുതയുണ്ടങ്ങാടിത്തെരുവതിൽ.
കണ്ടങ്ങൾതോറും ചെന്നു ധാന്യങ്ങൾ തിന്നുന്നേരം
കണ്ടവരെറിഞ്ഞോട്ടിദ്ദൂരവേ മണ്ടിയ്ക്കുന്നു.
'തന്നുടെ കഴുതയ്ക്കു ഭക്ഷണമില്ലായ്കയാൽ
തന്നുടെ ഭാണ്ഡം പേറാൻ ശക്തിയില്ലാതാമല്ലോ'
ഇത്തരം വിചാരിച്ചങ്ങേകദാ നിർണ്ണേജകൻ
പുത്തനാം പുലിത്തോലു കൊണ്ടുവന്നതുകൊണ്ടു
ഗർദ്ദഭത്തിന്റെ ദേഹമൊക്കവേ മൂടിക്കെട്ടി
തദ്ദിശി സസ്യം തിന്മാൻ വിട്ടിതു രജനിയിൽ.
കണ്ടത്തിൽച്ചാടിസ്സസ്യം ഭക്ഷിച്ചുതുടങ്ങിനാൻ;
കണ്ടെത്തി പ്രഹരിപ്പാൻ വരുന്ന കാവൽക്കാരും

Digitized By Kerala Sahitya Akademi



വ്യാഘ്രമെന്നോൎത്തു പേടിച്ചോടിനാർ; കഴുതയ്ക്കു-
ങ്ങാക്രമിപ്പാനും പരാധീനമില്ലാതായ്‌വന്നു.
അങ്ങിനെ നാലുപത്തു രാത്രികൾ കഴിഞ്ഞപ്പോ-
ളങ്ങൊരു കാവൽക്കാരൻ കൌശലക്കാരൻ തദാ
ചിത്രകംബളംകൊണ്ടു തന്നുടെ ഗാത്രം മൂടി-
ത്തത്ര ചെന്നിതു വില്ലും ശരവും മറച്ചുടൻ
ഗർദ്ദഭമേതുകണ്ടു ഗർദ്ദഭസ്ത്രീയെന്നോൎത്തു
ഗൎജ്ജനംചെയ്തു മദനാൎത്തനായണഞ്ഞിതു.
ഗൎജ്ജനം വികൃതമായ് കേട്ടപ്പോൾക്കാവൽക്കാരൻ
ഗർദ്ദഭമിതെന്നറിഞ്ഞസ്ത്രത്തെ പ്രയോഗിച്ചാൻ.
ശബ്ദദോഷത്താലങ്ങു ഗർദ്ദഭം ശരമേററു
ചത്തുവീണിതു, ഭോഷനങ്ങിനെയവസാനം.

പഞ്ചതന്ത്രം

Digitized By Kerala Sahitya Akademi

## പാഠം ൮

# പുത്രവാത്സല്യം

(മഞ്ജരി)

ദേവകിതന്നെയും പൂണ്ടുനിന്നങ്ങിനെ
മേവിനിന്നീടും യശോദയപ്പോൾ
കണ്ണൻതാൻ വന്നതു കണ്ടൊരു നേരത്തു
കണ്ണുനീർ വീഴ്ത്തിയണഞ്ഞു ചെമ്മേ
കോപിച്ചു പണ്ടുതാൻ കോലുമായ് ചെല്ലുമ്പോൾ
വേപിച്ചു മേവുന്ന മേനിതന്നെ
ചാലെപ്പിടിച്ചങ്ങു പൂണ്ടുനിന്നീടിനാൾ
ബാലനായുള്ള നാളെന്നപോലെ
'പോരിച്ചുനിന്നുള്ള പാഴാണ്മ ചെയ്കയാൽ-
പ്പാശത്തെക്കൊണ്ടു പിടിച്ചുകെട്ടി
തിണ്ണം വലിച്ചു മുറുക്കി ഞാൻ നില്ക്കയാ-
ലുണ്ണിക്കെമ്മേനിയിൽപ്പുണ്ണുണ്ടല്ലോ?'
എന്നങ്ങു ചൊല്ലിത്തലോടത്തുടങ്ങിനാൾ
നന്ദജൻതന്നുടെ മേനി; പിന്നെ
'എന്മടിതന്നിൽ ഞാൻ നന്നായിവെച്ചുകൊ-
'ണ്ടെന്മകൻ വാഴ്കെന്നു ചൊല്ലുന്നേരം,
എന്മുഖം നോക്കീട്ടു പുഞ്ചിരി തൂകുന്ന
നന്മുഖം കാണട്ടെ' എന്നു ചൊല്ലി,
അമ്മുഖംതന്നെ മുകർന്നുതുടങ്ങിനാ-
ളമ്മയായുള്ള യശോദയപ്പോൾ.
'നന്മധു തൂകിനിന്നെന്മടിതന്നിലായ്
നന്മുലയുണ്ടു ചിരിക്കുന്നേരം

Digitized By Kerala Sahitya Akademi

തിണ്ണമെന്മാറിലടിച്ചുനിന്നീടുന്നോ-
രുണ്ണിക്കൈ കാണട്ടെ' എന്നു ചൊല്ലി
മെല്ലെന്നെടുത്തു മുകന്നുനിന്നീടിനാൾ
പല്ലവം വെല്ലുന്ന പാണിതന്നെ.
'എന്നുടെ ചേലയിൽച്ചേറുതേച്ചീടിനോ-
രുണ്ണിക്കാൽ കാണട്ടെ' എന്നും ചൊല്ലി
സമ്മോദം പൂണ്ടു മുകന്നുനിന്നീടിനാൾ
തന്മകൻ തന്നുടെ പാദങ്ങളെ.

കൃഷ്ണഗാഥ

---

## പാഠം ൻ
## പിശുക്ക്

ഒരുപടി മുതൽ കെട്ടിവെച്ചിരിയ്ക്കും
പുരുഷരെയും ചെറുതും പ്രയാസമെന്യേ
ഒരു വലിയ ദരിദ്രനൊപ്പമാക്കാൻ
വിരുതു പിശുക്കിനു തുല്യമെന്തിനുള്ളൂ?

അവനവനു സുഖത്തിനാണു സമ്പ-
ത്തവനിയിലേവനുമെന്നറിഞ്ഞിടാഞ്ഞാൽ
ശിവശിവ, ധനികാഗ്ര്യനും ദരിദ്ര-
പ്രവരനുമോർക്കിലെന്തു ഭേദമുള്ളൂ?

വെറുമധനികർ ജോലിചെയ്തു കിട്ടും
ചെറുമുതൽ നിത്യസുഖത്തിനാക്കുമല്ലോ;
വറുതിയിലമരും ധനാഢ്യനെക്കാൾ-
പ്പൊരുതി ദരിദ്രനു മെച്ചമായിരിയ്ക്കും.

Digitized By Kerala Sahitya Akademi

പുരുഷപശു പിശുക്കനററകൈകൊണ്ടു-
പ്പൊരുതരി തേയ്ക്കുക'ക്കുടിയില്ലപോലും;
ഒരുവനു ചെറുതൊന്നു നൽകിടാതി-
ല്ലൊരു കഴിവെങ്കിലവൻ മരിയ്ക്കുമപ്പോൾ!

ധനമൊരു കൃപണൻെറ പെട്ടി പുക്കാൽ-
ത്തനതു ശനിപ്പിഴയാണതെന്നുറയ്ക്കാം;
പുനരൊരുകുറി ശുദ്ധവായുവേല്ക്കാ-
നിനിമിയലാതെ ദുഷിച്ചുപോമതല്ലോ.

ചില സുഖമിഛ വേണമെന്നു തോന്നും;
ചെലവിടുകില്ലൊരു ചില്ലിപോലുമെന്നും—
നില വലിയ പിശുക്കനേവമത്രേ;
വലയുവതിന്നിതിലേറെയെന്തു വേണ്ടു?

വിനയമൊടിവനൊന്നിരന്നിടുന്നേ-
നനവധി ശക്തികളുള്ള ദൈവമേ, നീ
ധനമരുളുകയില്ലയെങ്കിൽ വേണ്ടാ,
ജനമിതിനിത്ര പിശുക്ക നൽകിടൊല്ലേ!

വള്ളത്തോൾ.

---

പാഠം ൧൦

## തൃഷ്ണ

(പാന)

ആശയാകുന്ന പാശമിതിങ്കനു
വേർവിടാതെ കരേറുന്നു മേല്ക്കുമേൽ.
സന്തുക്കൾ ചെന്നിരന്നാലയാർത്ഥത്തിൽ
സ്വല്പമാത്രാ കൊടാ ചില ദുഷ്ടന്മാർ.

Digitized By Kerala Sahitya Akademi

ചത്തുപോംനേരം വസ്തുമത്തുപോലു-
മെത്തിടാ കൊണ്ടുപോവാനൊരുത്തക്കും.
പശ്ചാത്താപമൊരെള്ളോളമില്ലാതേ
വിശ്വാസപാതകത്തെക്കരുതുന്നു.
വിത്തത്തിലാശ പാറുകഹേതുവായ്
സത്യത്തെ ത്യജിയ്ക്കുന്നു ചിലരഹോ!
സത്യമെന്നതു ബ്രഹ്മമതുതന്നെ.
സത്യമെന്നു കരുതുന്ന സത്തുക്കൾ
വിദ്യകൊണ്ടറിയേണ്ടതറിയാതേ
വിദ്വാനെന്നു നടിയ്ക്കുന്നിതു ചിലർ.
കുങ്കുമത്തിൻെറ വാസമറിയാതെ
കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം.
കൃഷ്ണ, കൃഷ്ണ! നിരൂപിച്ചുകാണുമ്പോൾ
തൃഷ്ണകൊണ്ടേ ഭ്രമിയ്ക്കുന്നിതൊക്കയും.
എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും,
മണ്ടിമണ്ടിക്കരേറുന്നു മോഹവും.

ജ്ഞാനപ്പാന.

---

പാഠം ൧൧

## കച്ചവടക്കാർ

(കേക)

തൽക്ഷണേ കാണായ് വന്നു പാന്ഥന്മാരോരോവിധം
ദാക്ഷിണാത്യന്മാരവരൊക്കവേ വണിക്കുകൾ:
പട്ടുകൾ പുടവകൾ കച്ചകളിവയെല്ലാ-
മൊട്ടകങ്ങളെക്കൊണ്ടു വഹിപ്പിച്ചൊരുവിധം

Digitized By Kerala Sahitya Akademi

ഒട്ടു തങ്ങളേതന്നെ വഹിയ്ക്കുമിരുമൂടി-
ക്കെട്ടുകാററും ചില മാറാപ്പുകാരുമതിൽ
ഗർദ്ദഭങ്ങളും ചില കാളകൾ കുതിരകൾ
കർദ്ദമമണിഞ്ഞുള്ള പോത്തുകളൊരുവിധം
കട്ടകങ്ങളും ചില കട്ടിലും പെട്ടികളും
പെട്ടകങ്ങളും കെട്ടിപ്പേറിയങ്ങൊരുവിധം
ഒട്ടുകൊണ്ടൊരുവിധം മാറാപ്പുംപേറിച്ചില
ചെട്ടികൾ കോമട്ടികൾ കുട്ടികൾ വൃദ്ധന്മാരും
താടിയും തലപ്പാവും കണുക്കും കുപ്പായവും
കോടിവസ്ത്രവും തോളിൽ,കൈകളിൽകുന്തങ്ങളും
മോടിയിങ്ങിനെ ചില ചെട്ടികൾക്കതിൽച്ചില
ലാടരും കൂടെക്കൂടി ചേങ്ങല കൊട്ടിക്കൊണ്ടു
താളവും കൊട്ടിച്ചിലപണ്ടാരക്കൂട്ടങ്ങളും
കാളവും ശംഖും വിളിച്ചങ്ങിനെ ചില ജനം
പേമുഖം കെട്ടിച്ചിലർ തപ്പുകൾ കൊട്ടിക്കൊണ്ടു
കാമിനികളും ചിലർ വസ്ത്രങ്ങൾകൊണ്ടുമൂടി
അശ്വവുമേറിച്ചിലരാ,നമേലേറിച്ചിലർ
വിശ്വവും മുഴക്കിക്കൊണ്ടിങ്ങിനെ കാണാസ്സുന്നു.

നളചരിതം

---

പാഠം ൧൨

## ദീനാനുകമ്പ

അക്രൂരമ്പു തറച്ചിട്ട-
ങ്ങഴക്കററുള്ള തൂവലിൽ
തുള്ളുന്ന തെളിചെഞ്ചോര
പുരണ്ടപ്പക്ഷി വീണുപോയ്.

Digitized By Kerala Sahitya Akademi

അതുകണ്ടിട്ട സിദ്ധാൎത്ഥ-
നലിവാൎന്നപ്പുത്രിയെ
ചെന്നെടുത്ത, ബ്ഭം ഖേദവ-
നിരിയ്ക്കുാരുള്ള മാതിരി,

ചന്ദ്രാം പടിഞ്ഞിരുന്നിട്ട
മടിതന്നിൽക്കിടത്തിനാൻ;
ഒന്നതൊട്ടതിനാൽത്തന്നെ
കാട്ടുപക്ഷിയ്ക്കേഴും ഭയം

കുറച്ചു, ചിന്നിപ്പാറുന്ന
തൂവൽച്ചാൎത്തു മിനുക്കിയും
വല്ലാതെ നെഞ്ചിടിപ്പുണ്ടാ-
യിരുന്നതിനെ മാററിയും,

ഒരേ ഒരു മണിക്കൂറിൻ-
മുമ്പേ ചുരുളഴിഞ്ഞതായ്
മിനുത്ത വാഴക്കൂമ്പൊക്ക-
മുള്ളം കൈകൊണ്ടു മെല്ലവേ

വാത്സല്യപൂൎവ്വം ലാളിച്ചു
സമാശ്വാസം വരുത്തിനാൻ.
എന്നിട്ടിടംകരംകൊണ്ടു
പതഗത്തെപ്പിടിച്ചു താൻ

വലത്തേക്കൈത്തലം കൊണ്ടാ
ക്രൂരശല്യത്തെ മെല്ലവേ
പറിച്ചെടുത്താ മുറിയി-
ലുണങ്ങാൻ തേൻ പുരട്ടിനാൻ;

Digitized By Kerala Sahitya Akademi

കുളിർത്തുള്ളൊരു തളിരും
പതിച്ചാനായതിന്നു മേൽ.

പൌരസ്ത്യദീപം

---

പാഠം ൧൩

## കാട്ടുതീയ്

(കാകളി)

ഏവം പലവിധം ശങ്കയ്ക്കു ഹേതുവാം
ദാവാനലൻ ജ്വലിച്ചീടും ദശാന്തരേ
ആടും മയിൽകളും, പാടും കുയിൽകളു,-
മോടും മൃഗങ്ങളും, ചാടും കപികളും
പേടിച്ചുഴന്നങ്ങുമിങ്ങും വനത്തോടു-
കൂടിദ്ദഹിച്ചാശു ഭസ്മീഭവിയ്ക്കയും;
തോയം തിരഞ്ഞങ്ങു പായും ഗജത്തിന്റെ
വായിൽക്കടന്നുള്ളിലായോരു പാവകൻ
കായം സമസ്തം കലൻ ദഹിപ്പിച്ചു-
പായം വരുത്തിദ്ധരിത്രി കലുക്കിയും;
ഒന്നിച്ചുകൂടിപ്പുരക്കെച്ചെരിയ്ക്കുന്ന
പന്നിക്കുലങ്ങളിൽച്ചെന്നു പിടിയ്ക്കയും;
ലാംഗ്ഗുലഭംഗിയ്ക്കു ഭംഗം വരുന്നാകി-
ലംഗങ്ങളിൽച്ചെറുമാശയില്ലിങ്ങെന്നു
സഞ്ചിന്തനം ചെയ്തു സഞ്ചരിച്ചീടുന്ന
വെൺചമരിമൃഗക്കൂട്ടത്തിലഗ്നിയും



Digitized By Kerala Sahitya Akademi

ചെന്നുപിടിച്ചു ഭക്ഷിച്ചുതുടങ്ങിനാ-
നെ,ന്നുവേണ്ടാ മഹാകല്പാന്തസംഭ്രമം
വന്നു ഭവിച്ചു വനത്തിൽക്കനക്കവേ;
വന്യങ്ങളെല്ലാം വിനാശംഭവിച്ചിതു.

നളചരിതം

---

## പാഠം ൧൪

## ഗണപതി പ്രാതൽ

(ഓട്ടൻ തുള്ളൽ)

അമ്പൊടു ഗണപതിതന്നുടെ മടിയിൽ-
ക്കമ്പയൊതുക്കിട്ടുണ്ണുതുടങ്ങി:
ഝടുതിവിളമ്പിന വിഭവമതെല്ലാം
ഝടഝടയെന്നമൃതേത്തു കഴിഞ്ഞു.
തെരുതെരെയായതു കണ്ടു വിളമ്പീ-
ട്ടരുതരുതെന്നരുളാശു തുടങ്ങി.
കോരിക വെച്ചു,വർ വട്ടിയെടുത്ത-
ച്ചോറുകൾകൊണ്ടു വിളമ്പു തുടങ്ങി.
ചട്ടമിതൊന്നു പകർന്നതു കണ്ടവർ
വട്ടളമാശു ചെരിച്ചു വിളമ്പി.
തുമ്പിക്കരവും പൊക്കിപ്പരിചൊടു
വൻപൻ വായ പിളർന്നവശായി.
ചെല്ലുന്നവരവർ ചോറും കറികള-
മെല്ലാം തൊള്ളയിലിട്ടുതുടങ്ങി.
ചോറതൊടുങ്ങി. കറിയതൊടുങ്ങി
വീരൻ ധനപാര1യൊന്നു നടുങ്ങീ.

ഐരാവത പൂജ

---

Digitized By Kerala Sahitya Akademi

## പാഠം ൰൩

# അഹിംസ

ഉണ്ടായിരുന്നുപോൽ പണ്ടൊ-
രൃഷി നേരോതുവോൻ ശുചി
സന്തുഷ്ടപക്ഷിമൃഗമാം
നൽക്കാടൊന്നിൽ മഹാഭുജ!

അവിടെയ്ക്കു തപോവിഘ്നം
ചെയ്പ്പാനിന്ദ്രൻ ശചീപതി
വാളും പൂണ്ടൊരു യോദ്ധാവിൻ
വേഷത്തിൽപ്പുക്കിതാശ്രമം.

ആയാശ്രമത്തിലാ മൂർച്ച-
യേറും പെരിയ വാളിനെ
ന്യാസമായ് നൽകിനാൻ പുണ്യ,
തപം ചെയ്യുമവൻ വശം.

അശ്ശസ്ത്രം വാങ്ങിയവനും
ന്യാസരക്ഷണതൽപരൻ
തൻവിശ്വസ്തതയെക്കാത്തു-
കൊണ്ടക്കാട്ടിൽ നടക്കയായ്.

വല്ലേടവും കായ്കനികൾ
പറിപ്പാൻ പോയിടുമ്പൊഴും
ആ വാൾക്കൂടാതെ പോകില്ലാ
ന്യാസരക്ഷണതൽപരൻ.

Digitized By Kerala Sahitya Akademi

എപ്പോഴമായുധം കയ്യിൽ
വെയ്ക്കമത്താപസന്നഹോ,
ക്രമാൽത്തപോനിഷ്ഠ വെടി-
ഞ്ഞങ്ങ ഞ്ഞു ബുദ്ധി ഹിംസയിൽ.

ഹിംസാരസാൽത്തൊറു പിന്ന-
ഞ്ഞധമ്മാർദ്ദിതനാ മുനി
അശസ്ത്രസംസർഗ്ഗവശാൽ
നരകത്തിൽപ്പതിച്ചുപോയ്.

വാല്മീകിരാമായണം; ദണ്ഡകാരണ്യത്തിൽവെച്ചു സീത രാമനോടു പറയുന്നതു്.


---

പാഠം ൧൩

## കാക്കയും അരയന്നങ്ങളും

(അന്നനട)

ദിനംതോറുമെച്ചിൽ കൊടുത്തൊരു വൈശ്യ-
തനയന്മാരായ കുമാരന്മാർ മൂന്നം
വളത്താരെ,ന്നതു നിമിത്തമായ് ക്കാകൻ
പുളച്ചഹങ്കരിച്ചരയന്നങ്ങളെ
മദത്തൊടുചെന്നു വിളിച്ചിതാ'ഴിയെ-
ക്കടക്കണം പറന്നിനി നാമെല്ലാരും.
വെളുത്ത മേനിയും തെളിയുംവെണ്മയു-
മിളച്ചു മുമ്പെനിയ്ക്കുയയ്ക്കുയും വേണം?'
അതുകേട്ടുള്ളിൽക്കൌതുകത്തോടന്നപ്പു-
മുദധിതൻമീതേ പറന്നിതു മെല്ലേ.



അതിലും മേൽഭാഗത്തതിലും വേഗത്തി-
ലതിമദത്തോടു പറന്നു കാകനും.
തെളിഞ്ഞു വായസഗണവുമന്നേരം;
തളൎന്നു കാകനും ചിറകുമന്ദിച്ചു
കുഴഞ്ഞുവെള്ളത്തിൽപ്പിടഞ്ഞു വീണുടൻ
കഴിഞ്ഞു കാകൻതന്നഹങ്കാരമെല്ലാം.

ഭാരതം.

Digitized By Kerala Sahitya Akademi

## പാഠം ൧൭

# നക്ഷത്രങ്ങൾ

ചന്ദ്രനില്ലെങ്കിലും രാത്രികാലങ്ങളിൽ
മിന്നിത്തിളങ്ങുന്നു നക്ഷത്രസഞ്ചയം.

കൊച്ചുവിളക്കുകൾ രാത്രിയാം നാരിയാൾ
വച്ചുകത്തിക്കുന്നിതെന്നു തോന്നുംവിധം.

മേല്പോട്ടു നോക്കിയാൽ കാണാം കണക്കറ്റ
സുപ്രഭാപൂർണ്ണമാം നക്ഷത്രമാലയെ.

ആയതിലൊക്കെയും മുഖ്യമിരുപത്തി-
യേഴു നക്ഷത്രങ്ങളെന്നു ചൊല്ലുന്നതേ.

ഇത്രയായ് നേരമീ രാത്രിയിലെന്നതു
കൃത്യമായിട്ടു ധരിച്ചുകൊണ്ടീടുവാൻ

ഉച്ചനക്ഷത്രങ്ങൾ നോക്കിക്കണക്കാക്കിൽ
'വാച്ചി'നേക്കാളുമുപയോഗമായ്വരും.

കാറിനാലൊട്ടുമേ മൂടാതിരിക്കിലോ,
കൂരിരുളാളുന്ന കൃഷ്ണപക്ഷത്തിലും

പാരിങ്കലാകവേ സാമാന്യശോഭയി-
ത്താരപ്രകാശങ്ങൾമൂലമുണ്ടായ്വരും.

തങ്ങടെനായകൻ ക്ഷീണനെന്നാകിലും
തങ്ങളാലാകുന്നപോലറോ രാത്രിയിൽ

മർത്ത്യർക്കുപകാരമേകുവാൻ ശോഭിച്ചു-
വർത്തിച്ചിടുന്നതേ നക്ഷത്രസഞ്ചയം.

Digitized By Kerala Sahitya Akademi

പാഠം ൨൯

## അത്ര്യാശ്രമത്തിലെ സന്ധ്യ

മറഞ്ഞു തൂക്കതിരവൻ
നല്ലല്ലിനെയണച്ചിഹ;
കേൾപ്പൂ പകലിരയ്ക്കായി
ട്ടകലെപ്പോയ പക്ഷികൾ

അന്തിയ്ക്കുറങ്ങുവാൻ കൂട്ടൾ-
പ്പുക്കപ്പോഴത്തെ നിസ്വനം.
തപസ്വിമാരും നീരാടി-
ക്കുടങ്ങളെയെടുത്തിതാ,

ഒപ്പം മടങ്ങിപ്പോരുന്നി-
തീറനാം വല്ക്കലത്തോടും.
മുനിമാരഗ്നിഹോത്രങ്ങൾ
വിധിപോലെ തുടന്നിതിൽ

കപോതവർണ്ണമാം ധൂമം
കാണ്മൂ കാറേററമുയർന്നതായ്.
പത്രം കുറഞ്ഞ വൃക്ഷങ്ങ-
ളി,ടവിട്ടുള്ളിടത്തിലും

പാടേ തിങ്ങിയപോലായി,
മങ്ങിപ്പോയിതു ദിക്കുകൾ.
രാവിൽച്ചരിയ്ക്കും ജന്തുക്കൾ
സഞ്ചരിയ്ക്കുന്നു നീളവേ;

Digitized By Kerala Sahitya Akademi

ഇതാ, കിടക്കയായ് വേദി-
ത്തിണ്ടിലാശ്രമമാനുകൾ
വന്നെത്തി രാത്രിയും സീതേ,
നക്ഷത്രങ്ങളണിഞ്ഞതായ്;

നിലാപ്പുതപ്പുമായ് ചന്ദ്ര-
നദിയ്ക്കുന്നു നഭസ്ഥലേ.

**വാല്മീകിരാമായണം; അത്രിപത്നി അനസൂയ സീതയോടു പറയുന്നത്**

---

## പാഠം ൧൧

## മയസഭ

(പറയൻതുള്ളൽ)

വെള്ളപ്പളുങ്കു പതിച്ചുള്ള തോടുകൾ
വെള്ളം നിറഞ്ഞങ്ങു നില്ക്കുന്നേരം
ഉള്ളിലെ സ്വച്ഛതകൊണ്ടിപ്രദേശത്തു
വെള്ളമില്ലെന്നു ഭ്രമിച്ചുപോകും.
വെള്ളമില്ലാത്ത പ്രദേശങ്ങളിൽപ്പിന്നെ
വെള്ളം വളരെയുണ്ടെന്നു തോന്നും.
ഉള്ളം ഭ്രമിപ്പിപ്പാനുള്ളവിധം പുന-
രുള്ളതശേഷമവിടെക്കാണാം.
കള്ളം മനക്കാമ്പിലുള്ള ജനത്തിന്റെ
തള്ളലും തുള്ളലും നിർത്തീടുവാൻ
കള്ളപ്രയോഗങ്ങളിങ്ങിനെ നിർമ്മിച്ചു
കള്ളനേ കള്ളമറിഞ്ഞുകൂടൂ.
ദ്വാരമില്ലാത്തൊരു ഭിത്തികളിൽപ്പിന്നെ
ദ്വാരമുണ്ടെന്നും ഭ്രമിച്ചുപോകും.

Digitized By Kerala Sahitya Akademi

സാരമില്ലാത്ത ജനങ്ങൾ വന്നാലിഹ
പാരമുഴന്നു വലഞ്ഞുപോകും.
പിന്നെക്കതകുള്ള ദിക്കിൽക്കതകുക-
ളില്ലെന്നു ബോധിച്ചു മാറിപ്പോരും.
അന്യത്ര വാതിലെന്നോർത്തങ്ങവിടത്തിൽ-
ച്ചെന്നു തലതല്ലി വാങ്ങിപ്പോരും.
കുണ്ടുള്ള ദിക്കുകൾ കണ്ടറിയത്തില്ല,
കുന്നുള്ള ദിക്കുമവ്വണ്ണം തന്നെ.
പണ്ടുള്ളതൊക്കെ മറിച്ചുകല്പിച്ചിതു
കണ്ടു നടക്കേണമെല്ലാവരും
തണ്ടുതപ്പിത്തരം കാട്ടുന്ന കൂട്ടത്തെ-
ക്കൊണ്ടു തരംകെടുത്തീടുമിപ്പോൾ.
കണ്ടകന്മാരെയും കശ്മലന്മാരെയും
ചെണ്ടകൊട്ടിപ്പാനിവണ്ണമാക്കി
കണ്ടവക്കൊത്തോണം വന്നുകരേറുവാൻ
പണ്ടത്തെപ്പോലെയെളുതല്ലിപ്പോൾ.

സഭാപ്രവേശം (അസുരശില്പിയായ മയൻ യുധിഷ്ഠിരന്നു നിർമ്മിച്ചു കൊടുത്ത സഭാമണ്ഡപം);

—:o:—

Digitized By Kerala Sahitya Akademi

പാഠം 20

## മാതൃഭക്തി

(കേക)

അരണ്യം തന്നിൽപ്പിടിപെട്ടിതു വഹ്നിദേവൻ
കരഞ്ഞു തുടങ്ങിനാൾ ജരിതതാനമപ്പോൾ;
'നിശ്ശൃണനായ പിതാവിവരെയുപേക്ഷിച്ചാൻ
ദുഃഖിയ്ക്കുമാറായി ഞാൻ പൈതങ്ങളിവരോടും.
പറക്കപ്പോകാതെയും വന്നിതു ബാലന്മാർക്കു;
നിരക്കെപ്പിടിപെട്ടു വനത്തിലഗ്നിതാനും!
ഞാനിനിയിവരെയെന്തോർത്തതെൻ തമ്പുരാനേ,
കാനനത്തിങ്കലഗ്നി പിടിച്ചു നാലുപാടും!'
ഇങ്ങിനെ കരയുമ്പോൾ പൈതങ്ങളുരചെയ്തുാർ;
'എങ്ങാനും പോയ്ക്കൊൾകമ്മേ, നീ കൂടെ മരിയ്ക്കേണ്ടാ.
ഞങ്ങൾ ചാകിലൊ, പിന്നെപ്പെററുസന്തതിയുണ്ടാ,-
മെങ്ങിനെയുണ്ടാകുന്നു നീ കൂടെ മരിയ്ക്കിലോ?
ഞങ്ങളെ സ്നേഹിച്ചു നീ സന്താനം മുടിയ്ക്കേണ്ടാ
മംഗലം വന്നുകൂടും പിന്നെയുമെന്നേ വരൂ.
അല്ലായ്കിൽത്താതൻ ചെയ്തതൊക്കെ നിഷ്ഫലമല്ലോ,
നല്ലലോകങ്ങൾ കിട്ടാ താതനെന്നതും വരും.'
എന്നതു കേട്ടു പറഞ്ഞീടിനാൾ ജരിതയും;
'എന്നുടെ പൈതങ്ങളേ, നിങ്ങളുമൊന്നു വേണം;
ഇക്കണ്ട മരത്തിൻകീഴുണ്ടെലിമട,യതിൽ-
പ്പുക്കുകൊള്ളുവിൻ നിങ്ങളെ,ന്നാൽ ഞാനൊന്നു
[ചെയ്യുൻ
പൂഴികൊണ്ടതിൻമുഖം മൂടിവെയ്ക്കയും ചെയ്യാ,
മൂഴിതൻതാഴേ തീയും തട്ടുകയില്ലയല്ലോ.

Digitized By Kerala Sahitya Akademi

കീഴെപോയ് ക്കിടന്നുകൊണ്ടീടുവിൻ തിയ്യാറിയാൽ-
പ്പൂഴിയും നീക്കിക്കൊണ്ടുപോന്നു കൊള്ളുവനല്ലോ.'
പൈതങ്ങളതു കേട്ടു മാതാവോടുരചെയ്താർ
'പൈദാഹത്തോടു മേവുമെലിയുണ്ടതിലമ്മേ.
പറപ്പാൻ ചിറകില്ല, നടപ്പാനില്ല കാലു,-
മിറച്ചി കണ്ടാലെലി പിടിച്ചു തിന്നുമല്ലോ.
ജന്തുക്കൾ ഭക്ഷിച്ചിട്ടു മരിയ്ക്കുന്നതിനേക്കാൾ
വെന്തു ചാകുന്നതത്രേ ഗതിയെന്നറിഞ്ഞാലും.
ഭർത്താവുതന്നെ പ്രാപിച്ചുത്തമന്മാരായുള്ള
പുത്രന്മാരെയും ലഭിച്ചീടുക മാതാവേ, നീ.'
എന്നതു കേട്ടനേരം വന്നൊരു ശോകത്തോടേ
തന്നുടെ പൈതങ്ങളെ നോക്കിയും കരഞ്ഞിട്ടും
പിന്നെത്താൻ പറക്കയും, മറിഞ്ഞുനോക്കുകയു,-
മെന്നുടെ കർമ്മമെന്നു കല്പിച്ചു പോയാളവൾ.

ഭാരതം

---

പാഠം ൨൧

## മഞ്ഞുകാലം

മഞ്ഞാലുലന്നുപോയ് ലോക,-
മൂഴി സസ്യം തഴച്ചതായ്;
അഭാഗ്യമായ് ത്തീർന്നു ജലം;
തിയ്യോ, സൌഭാഗ്യശാലിയായ്.

സദാതവേ കട്ടിമഞ്ഞുള്ളൊ-
ന്നി,പ്പോൾ സൂര്യനകന്നതിൽ
മഞ്ഞേറിസ്സാത്ഥനാമാവാ-
യിട്ടുണ്ടാം മഞ്ഞുമാമല.

Digitized By Kerala Sahitya Akademi

ഉച്ചയ്ക്കുണ്ടൊരിളംചൂട്,
നടക്കാൻ വളരെസ്സുഖം;
നന്നക്കൻ, തണലും നീരും
നന്നല്ലീ,വൎണ്ണമായ് പകൽ.

മഞ്ഞാൽ സൂൎയ്യന്നു കെല്പില്ല,
കാററുണ്ടേററം തണുപ്പുമേ,
അരണ്യം ശൂന്യ,മിമ്മട്ടാം
ഹിമാൎത്തമധ്യനാ പകൽ.

വെളിയ്ക്കില്ലാ കിടപ്പെന്നാ-
ക്കിയ മഞ്ഞും തണുപ്പുമായ്
പാരം നീളുന്നിതധ്യനാ
പൌഷനീതങ്ങളല്ലുകൾ.

സൌഭാഗ്യം സൂൎയ്യനിൽച്ചേൎത്തു
മഞ്ഞാൽച്ചെങ്ങിയ ചന്ദ്രനോ,
വീൎപ്പുതട്ടിയ കണ്ണാടി-
പോലവേ വിലസാതെയായ്.

അരിയുഷത്തിങ്ങമീതപ്പു-
വൊളിക്കതിർകളാലിതാ,
തെല്ലൊന്നു ചാഞ്ഞുശോഭിപ്പൂ
പൊന്നിറം പൂണ്ടനെല്ലുകൾ.

കുളിർമഞ്ഞിൻ മറവൊടേ
പരക്കും കിരണങ്ങളാൽ
ചന്ദ്രനെപ്പോലിരിയ്ക്കുന്നു
ദൂരസ്ഥിതനംശുമാൻ.

Digitized By Kerala Sahitya Akademi

ഹേമന്താ കാലത്തു ചൂട്ച്ചു-
യ്യോല്പത്തിൽസ്സുഖമേവമായ്
ത്തുടുത്തല്പം വെളുപ്പോടേ
ശോഭിപ്പൂ വെയിലൂഴിയിൽ.

മഞ്ഞുവീണിത്തിരി നന
ഞ്ഞുള്ള പൈംപുൽപ്പരപ്പോടും
ഇളവെയിലു പതിഞ്ഞങ്ങു
വിലസുന്നു വനസ്ഥലം.

സുഖമായിത്തെളിഞ്ഞുള്ള
കുളിർത്തണ്ണീരു തൊട്ടുടൻ
തുമ്പിക്കൈ പിൻവലിയ്ക്കുന്നു
ദാഹം മൂത്ത വനദ്വിപം.

ചുങ്ങിച്ചുളിഞ്ഞു മഞ്ഞേററി-
ട്ടല്ലിമൊട്ടു കൊഴിഞ്ഞുപോയ്
തണ്ടു ശേഷിച്ച പത്മങ്ങൾ
വിളങ്ങിപ്പീല പൊയ്കയെ.

വാല്മീകിരാമായണം

---

Vidya Vilasam Press, Trivandrum. 1932

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi